# നാവിന്റെ വിപത്തുകൾ

**മനുഷ്യന്റെ** നാവും അധരങ്ങളും കരുണാമയനായ അല്ലാഹു കനിഞ്ഞരുളിയ വിശേഷപ്പെട്ട അനുഗ്രഹങ്ങളാണെന്ന് ഖുർആൻ (90:9) പറയുന്നുണ്ട്. ഈ അവയവങ്ങൾ തിര്യക്കുകളുടേതുപോലെയായിരുന്നുവെങ്കിൽ നമുക്ക് വൈവിധ്യമാർന്ന സ്വരങ്ങളും വ്യഞ്ജനങ്ങളും ഉച്ചരിക്കാനോ പലപല വാക്കുകളുണ്ടാക്കി ആശയവിനിമയം നടത്താനോ സാധിക്കുമായിരുന്നില്ല. മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവുമായ വികാസത്തിൽ ഭാഷയുടെ പങ്കുപരിശോധിച്ചാലറിയാം നാവിന്റെയും ചുണ്ടിന്റെയും മഹത്വം. അനുഗ്രഹങ്ങൾ ഇരുതല മൂർച്ചയുള്ള വാളുപോലെയാണ്. ഗുണത്തിനും ദോഷത്തിനും അതുപയോഗിക്കാം. നല്ലതു പരസ്പരം അന്വേഷിക്കുകയും അറിയിക്കുകയും ചെയ്യുകയാണ് സംസാരശേഷിയുടെ ലക്ഷ്യം. അതിനുവേണ്ടിത്തന്നെ അതുപയോഗിക്കുകയാണ് അനുഗ്രഹദാതാവിനോടുള്ള നന്ദിപ്രകടനം. "നല്ലതു സംസാരിക്കുവിൻ, അത് കർമങ്ങളെ സംസ്കരിക്കും" എന്ന് ഖുർആൻ (33: 70-71) ഉപദേശിക്കുന്നുണ്ട്. സംസാരം നന്നല്ലെങ്കിൽ കർമം കെട്ടുപോകും എന്നും ഇതിനെ വായിക്കാം. അനുഗ്രഹം ശാപമാകും. നല്ലതു സംസാരിക്കുകയെന്നാൽ സത്യം പറയുകയെന്നു മാത്രമല്ല. പറയുന്നവർക്കും കേൾക്കുന്നവർക്കും ഗുണമുള്ളതു മാത്രം സംസാരിക്കുക എന്നുകൂടിയാണ്. ദോഷം മാത്രമുണ്ടാക്കുന്ന കാര്യങ്ങൾ പറയുന്നത് സംസാരശേഷിയേകിയ ദൈവത്തോടുള്ള നന്ദികേടാണ്. വേണ്ടതു വേണ്ടിടത്ത് പറയണം. വേണ്ടാത്തിടത്ത് വേണ്ടതും പറഞ്ഞുകൂടാ. സത്യം മാത്രമേ പറയാവൂ. പക്ഷേ, എല്ലാ സത്യവും എല്ലായിടത്തും പറയേണ്ടതല്ല.

നാവിന്റെ വിപത്തുകളെക്കുറിച്ച് ഇമാം ഗസ്സാലി, ഇബ്നുൽ ജൗസി തുടങ്ങിയ ചിന്തകന്മാർ അവരുടെ ആത്മോപദേശ ഗ്രന്ഥങ്ങളിൽ ദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. മനസ്സിന്റെ നന്മ തിന്മകളെയാണ് വാക്കുകൾ പ്രതിനിധാനം ചെയ്യുന്നത്. കള്ളം, വിരോധം, ഏഷണി, പരദൂഷണം, പൊങ്ങച്ചം എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത ദൗഷ്ട്യങ്ങൾ പ്രകടമാകുന്നത് സംസാരത്തിലൂടെയാണ്. നാവ് സൂക്ഷിച്ചുപയോഗിച്ചില്ലെങ്കിൽ അതുളവാക്കുന്ന ദോഷങ്ങൾ പലപ്പോഴും അപരിഹാര്യമായിരിക്കും. ഉദാഹരണത്തിന് ഓരോരുത്തരും അവരവരുടെ ജീവിതത്തിലേക്കുതന്നെ കണ്ണോടിച്ചാൽ മതി. വാക്കുകൾ പറഞ്ഞുകഴിഞ്ഞാൽ അതിന്റെ ശബ്ദം മാത്രമേ അന്തരീക്ഷത്തിൽ ലയിച്ചുപോകുന്നുള്ളൂ. അർഥം നിലനിൽക്കും. വാളുകൊണ്ടുള്ള മുറിവ് ഉണക്കാം, നാവുകൊണ്ടുള്ള മുറിവ് ഒരിക്കലും ഉണങ്ങുന്നില്ല എന്ന് ഇമാം അലി(റ) പറയുകയുണ്ടായി. രണ്ടു രാജാക്കന്മാരുടെ സംഭാഷണമുദ്ധരിക്കുന്ന ഒരു പഴങ്കഥയുണ്ട്. ഒരു രാജാവ് പറഞ്ഞു: 'ഞാൻ പറയാതെ പോയതിനെക്കുറിച്ച് എനിക്കൊരിക്കലും ദുഃഖിക്കേണ്ടിവന്നിട്ടില്ല. പറഞ്ഞുപോയതിനെക്കുറിച്ച് ഏറെ ദുഃഖിക്കേണ്ടിവന്നിട്ടുണ്ട്.' മറ്റേ രാജാവ് പറഞ്ഞു: 'ഒരു വാക്ക് പറയുന്നതുവരെ ഞാൻ അതിന്റെ യജമാനനാണ്. പക്ഷേ, പറഞ്ഞുകഴിഞ്ഞാൽ ഞാനതിന്റെ അടിമയായിത്തീരുന്നു.' സ്വനഗ്രഹി യന്ത്രങ്ങളും റേഡിയോയും ടെലിവിഷനും ഇല്ലാത്ത കാലത്താണ് ആ രാജാക്കന്മാരിതു പറഞ്ഞത്. അപ്പോൾ ഇതൊക്കെയുള്ള ഇന്നത്തെ അവസ്ഥയെന്തായിരിക്കും?! പറഞ്ഞതു പറഞ്ഞില്ല എന്നു പറഞ്ഞ് കുറ്റം മാധ്യമങ്ങളുടെ ചുമലിൽ ചുമത്തി ഈ അടിമത്തത്തിൽനിന്ന് രക്ഷപ്പെടുകയാണ് ഇന്നത്തെ രാജാക്കന്മാർ ചെയ്തുവരുന്നത്. അതുകൊണ്ട് അവരുടെ തടിമാത്രമേ രക്ഷപ്പെടുന്നുള്ളൂ. മനസ്സ് രക്ഷപ്പെടുന്നില്ല.

ന്യായാന്യായ വിവേചനമോ ഗുണദോഷവിചാരമോ ഇല്ലാതെ അവിവേകങ്ങൾ വിളിച്ചുപറയുന്നതിനെക്കുറിച്ച് 'വായിൽ വരുന്നതൊക്കെ കോതക്കു പാട്ട്' എന്നൊരു ചൊല്ലുണ്ട്. നമ്മുടെ സാമൂഹിക-രാഷ്ട്രീയ നേതൃത്വങ്ങളിൽനിന്നുണ്ടാകുന്ന ഉദീരണങ്ങൾ പലപ്പോഴും ഈ ചൊല്ലിനെ ഓർമിപ്പിക്കുന്നതാണ്. ഇപ്പോഴത്തെ ഒരു മന്ത്രിയുടെ പ്രസ്താവനകളെ ഒരു മുൻമന്ത്രിതന്നെ ഈയിടെ ഈ ചൊല്ലിലൂടെ വിലയിരുത്തുകയുണ്ടായി. കോതകൾ വായിൽ വരുന്നതൊക്കെ പാടിക്കൊള്ളട്ടെ. പാർട്ടികളെ നയിക്കുന്ന നേതാക്കളും നാടുഭരിക്കുന്ന മന്ത്രിമാരും ന്യായം വിധിക്കുന്ന നിയമജ്ഞരും കോതകളല്ല. അവരുടെ പാട്ട് വിവേകവും വിചാരശേഷിയുമുള്ള മനസ്സിന്റെ ഭാഷാവേഷമാവണം. അതിന് മൂല്യബദ്ധതയുടെയും ചുമതലാബോധത്തിന്റെയും ഈണമുണ്ടായിരിക്കണം. ജനങ്ങളുടെ അഭിലാഷങ്ങളും സ്വപ്നങ്ങളുമായിരിക്കണം അതിന്റെ താളവും മേളവും. കൽപനയും വിധിയും നിയമവും നയവും നിലപാടുമൊക്കെയായിട്ടാണവരുടെ വാക്കുകൾ ജനം കേൾക്കുന്നത്.

ഇന്ത്യയിലിപ്പോൾ പല കേന്ദ്രങ്ങളും പറഞ്ഞുപോയ വാക്കുകൾ സൃഷ്ടിച്ച ഏടാകൂടങ്ങളിൽ കുടുങ്ങി എടങ്ങേറാകുന്നുണ്ട്. പാർട്ടികൾ തമ്മിലും ഒരു പാർട്ടിയിലെ തന്നെ പല നേതാക്കൾ തമ്മിലുമുള്ള വാക്പയറ്റ് ഒരു വശത്ത്. വേറൊരു വശത്ത് ലജിസ്ലേച്ചറും ജുഡീഷ്യറിയും തമ്മിലുള്ള വഴക്ക്. ജുഡീഷ്യറി ലജിസ്ലേച്ചറിന്റെ അധികാരത്തിലേക്ക് കടന്നുകയറാതെ ശ്രദ്ധിക്കണമെന്ന് ഇക്കഴിഞ്ഞ 8-ന് പ്രധാനമന്ത്രി മൻമോഹൻസിംഗ് തന്നെ പറയുകയുണ്ടായി. സമൂഹത്തിന്റെ പൊതുക്ഷേമം ലക്ഷ്യമാക്കി നിയമനിർമാണ സഭകൾ കൈക്കൊള്ളുന്ന ചില നടപടികൾക്ക് കോടതികൾ തടയിടുന്നതിനെയാണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് വ്യക്തം. ലജിസ്ലേച്ചറിന്റെയും എക്സിക്യൂട്ടീവിന്റെയും തീരുമാനങ്ങളെ പരിശോധനാവിധേയമാക്കാനുള്ള ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം മാനിക്കപ്പെടണമെന്നായിരുന്നു പ്രധാനമന്ത്രിയോടുള്ള സുപ്രീംകോടതി ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണന്റെ പ്രതികരണം.

ജനാധിപത്യസമൂഹത്തിൽ ലജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നീ മൂന്ന് ഘടകങ്ങളിലോരോന്നിനും അവയുടേതായ അധികാരാവകാശങ്ങളും മേഖലകളുമുണ്ട്. ഓരോന്നും അതിന്റെ പരിധിയിലൊതുങ്ങിയും അതോടൊപ്പം മറ്റു ഘടകങ്ങളുമായി സഹകരിച്ചും ഒത്തൊരുമിച്ചും നീങ്ങുമ്പോഴേ ജനാധിപത്യം സാർഥകമാകൂ. ലെജിസ്ലേച്ചറും ജുഡീഷ്യറിയും പരസ്പരം കുറ്റപ്പെടുത്തുന്ന അവസ്ഥ ജനാധിപത്യസമൂഹത്തിന് ഭൂഷണമല്ല. രണ്ടിനും എവിടെയൊക്കെയോ പുഴുക്കുത്തേറ്റിരിക്കുന്നു എന്നാണത് ജനങ്ങൾക്ക് നൽകുന്ന സന്ദേശം. നോട്ടുകെട്ടിന്റെ കനമനുസരിച്ചിരിക്കും കോടതികളുടെ വിധിയെന്ന് ജനങ്ങൾക്ക് സംശുദ്ധ ഭരണം വാഗ്ദാനം ചെയ്ത് അധികാരമേറ്റ ഒരു മന്ത്രി പറഞ്ഞുകൂടാത്തതാണ്. മന്ത്രിമാരെ ന്യായാധിപന്മാർ നിശ്ചയിക്കുകയല്ല; ന്യായാധിപന്മാരെ മന്ത്രിമാർ നിശ്ചയിക്കുകയാണ്. 40,000 രൂപക്ക് രാഷ്ട്രപതിക്കെതിരെ അറസ്റ്റുവാറണ്ട് തരപ്പെടുത്താവുന്ന സാഹചര്യത്തിൽ മന്ത്രിയുടെ പ്രസ്താവന മാപ്പർഹിക്കാത്ത കുറ്റമാണെന്നും സാമാന്യജനം കരുതുകയില്ല.

ലജിസ്ലേച്ചറോ ജുഡീഷ്യറിയോ കൂടുതൽ പ്രധാനം എന്ന തർക്കം, കണ്ണോ കാതോ കൂടുതൽ പ്രധാനം എന്ന തർക്കം പോലെ നിരർഥകവും അനാരോഗ്യകരവുമാണ്. അവ രണ്ടും രാജ്യത്തിന്റെ കണ്ണും കാതുമായി പ്രവർത്തിക്കുക എന്നതാണ് പ്രധാനം. പരസ്പരം കടന്നുകയറുമ്പോൾ ഈ ധർമമാണ് പാഴായിപ്പോകുന്നത്. ■